# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2011 | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഹോട്ടൽ ഭക്ഷണത്തിന്റെ വില വർദ്ധന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഹോട്ടൽ ഭക്ഷണത്തിന് അമിതമായി വില വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഹോട്ടൽ ഭക്ഷണത്തിന് വില വർദ്ധിച്ചിട്ടുള്ളതായി പല ഭാഗങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ വിഭാഗം ഹോട്ടലുകളിലും എല്ലാതരം ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കുന്നതിനോടൊപ്പം സി.ജി.എസ്.റ്റി. യും എസ്.ജി.എസ്.റ്റി. യും ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | ഇതുമായി ബന്ധപ്പെട്ട പരാതികൾ പല ഭാഗത്തുനിന്നും ലഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ബില്ലുകൾ ശേഖരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഹോട്ടൽ വ്യാപാരികളുമായും സംഘടനകളുമായും ചർച്ചനടത്തി പ്രശ്നപരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഹോട്ടൽ ഭക്ഷണത്തിന്റെ വില നിയന്ത്രിച്ച് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തിരമായി ഇടപെടുമോ; വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ